بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**10-04-2026**

# തൗഹീദ്: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങൾ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) ഇപ്രകാരം അരുളി: തന്റെ യജമാനനെ പിന്തുടർന്നുകൊണ്ട് തൗഹീദ് സ്ഥാപിക്കുന്നതിനായി ഹദ്റത്ത് മസീഹ്മൗഊദ് (അ) നടത്തിയ പരിശ്രമങ്ങളെയും അവിടുത്തെ കർമമാതൃകയെയും തന്റെ അനുയായികൾക്ക് അവിടുന്ന് നൽകിയ ഉപദേശങ്ങളെയും അവർക്കു നല്കിയ ശിക്ഷണത്തെയും കുറിച്ചുള്ള ചില സംഭവങ്ങൾ ഞാൻ വിവരിക്കാം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കൽ പറഞ്ഞു: ഒരാളുടെ മകൻ മരണപ്പെട്ടപ്പോൾ അവന്റെ ഒരു സുഹൃത്ത് അനുശോചനം അറിയിക്കാൻ അവിടേക്ക് ചെന്നു. അപ്പോൾ ആ പിതാവ് ഉറക്കെ കരഞ്ഞുകൊണ്ട് പറഞ്ഞു:'ദൈവം എന്നോട് വലിയ അനീതിയാണ് കാണിച്ചത്.' അതായത്, അയാളുടെ ഏതോ അവകാശം ദൈവം തട്ടിയെടുത്തു എന്നാണ് അയാൾ കരുതിയത്. എന്നാൽ ഒരു മനുഷ്യന് ദൈവത്തിന് മേൽ എന്ത് അവകാശമാണുള്ളത് എന്നു ചിന്തിക്കേണ്ട താണ്.

നമുക്ക് ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങളും സന്താനങ്ങളും അല്ലാഹുവിന്റെ കൃപയാൽ ലഭിച്ചതാണെന്ന് മനുഷ്യൻ എപ്പോഴും ഓർക്കണം. നാംഎപ്പോഴുംഅല്ലാഹുവിന്മുന്നിൽകുനിയുന്നവരായിക്കൊണ്ട് നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും അവന്റെ ഏകത്വത്തെ പ്രകടിപ്പിക്കുകയും ശിർക്കിന്റെ ലാഞ്ഛനപോലും ഒരിക്കലും സംജാതമാകാതിരിക്കുകയും ചെയ്യുക എന്നതാണ് ഇത് നമ്മോട് ആവശ്യപ്പെടുന്നത്. അല്ലാഹുവിന് മേൽ നമുക്ക് എന്തോ അവകാശമുണ്ടെന്ന് ഒരിക്കലും വിചാരിക്കരുത്. ഏതാനും ആരാധനകൾ അനുഷ്ഠിക്കുന്നതോടെ അല്ലാഹുവിനോടുള്ള കടകൾ തീരുന്നില്ല; മറിച്ച് അവയെല്ലാം നമ്മുടെ സ്വന്തം നന്മയ്ക്കായിട്ടാണ് നാം ചെയ്യുന്നത്.

തന്റെ മകൻ മിർസ മുബാറക് അഹ്ദിനോട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് അങ്ങേയറ്റത്തെ സ്നേഹമായിരുന്നു. മുബാറക് അഹ്മദിന് അസുഖം ബാധിച്ചപ്പോൾ അവിടുന്ന് അതീവ ശ്രദ്ധയോടെ ശുശ്രൂഷിച്ചിരുന്നു. മുബാറക് അഹ്മദ് വഫാത്താവുകയാണെങ്കിൽ ഹദ്ത്ത് മസീഹ് മൗഊദ് (അ)ന് അത് വലിയ ആഘാതമുണ്ടാക്കുമെന്ന് ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ (റ) പോലും കരുതി. എന്നാൽ മുബാറക് അഹ്മദ് വഫാത്തായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) അതീവക്ഷമ അലംബിച്ചുകൊണ്ട് ആ വിവരം സുഹൃത്തുക്കളെ അറിയിച്ച് ഇപ്രകാരം കത്തെഴുതി: 'മുബാറക് അഹ്മദ് വഫാത്തായിരിക്കുന്നു, എന്നാൽ ഇതിൽ ആരും പരിഭ്രമിക്കരുത്; ഇത് അല്ലാഹുവിന്റെ ഹിതമായിരുന്നു, അതിൽ നാം ക്ഷമ അവലംബിക്കുകയാണ് വേണ്ടത്.'തുടർന്ന് അവിടുന്ന് പുറത്തുവന്ന് പുഞ്ചിരിച്ചുകൊണ്ട്

പ്രഭാഷണം നടത്തുകയും മുബാറക് അഹ് മദിനെക്കുറിച്ച് അല്ലാഹു നൽകിയ വെളിപാട് പൂർത്തിയായി എന്ന് അവിടുന്ന് വ്യക്തമാക്കുകയും ചെയ്തു. അവിടുത്തെ കവിതാ ശകലം ഇപ്രകാരമാണ്:

*ആ വിളിക്കുന്നവനല്ലോ സർവരിലും പ്രിയങ്കരൻ*
*ഓ എന്റെ ഹൃദയമേ നീ അവനിൽ തന്നെ നിന്റെ പ്രാണൻ അർപ്പിക്കുക!*

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളി: സുൽത്താൻഅബ്ദുൽഹമീദ്ഖാന്റെപലതീരുമാനങ്ങളും തെറ്റായിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ ഒരു കാര്യം എനിക്ക് വളരെയധികം ഇഷ്ടമാണ്. യുദ്ധം ഒഴിവാക്കാൻ മന്ത്രിമാർ പലവിധ ഒഴികഴിവുകൾ നിരത്തിയപ്പോൾ സുൽത്താൻ പറഞ്ഞു: ചില കാര്യങ്ങൾ ദൈവത്തിനും ഭരമേൽപ്പിക്കണമല്ലോ! അല്ലാഹുവിൽ പൂർണ്ണമായി വിശ്വാസം അർപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഈ സംഭവത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രശംസിക്കുകയായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് തലചുറ്റലിന്റെ അസുഖമുണ്ടായിരുന്നു. ഈ അസുഖം ചികിത്സിക്കുന്നതിൽ പ്രത്യേക വൈദഗ്ധ്യമുള്ള ഒരു വൈദ്യനെക്കുറിച്ച് കേൾക്കാൻ ഇടയായി. അയാളെ വരുത്തി. അദ്ദേഹം ഹുസൂറിനെ പരിശോധിച്ച ശേഷം പറഞ്ഞു: 'രണ്ടു ദിവസത്തിനുള്ളിൽ ഞാൻ അങ്ങയെ സുഖപ്പെടുത്തും'. ഇത് കേട്ടയുടനെ ഹദ്റത്ത് മസീഹ് മൗഊദ് (അ) അകത്തേക്ക് പോയി ഹദ്റത്ത് മൗലവി നൂർദ്ദീൻ (റ)ന് ഒരു കുറിപ്പെഴുതി: 'ഈ വ്യക്തിയെക്കൊണ്ട് ചികിത്സിക്കാൻ ഞാൻ ഒട്ടും ആഗ്രഹിക്കുന്നില്ല, ഇയാൾ എന്താണ് ദൈവമാണെന്ന് അവകാശപ്പെടുകയാണോ? ഇദ്ദേഹത്തിന് യാത്രാക്കൂലിയും അധികമായി 25 രൂപയും നൽകി ഉടൻ മടക്കി അയക്കുക'.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: ദൈവമഹത്വത്തിനും അന്തസ്സിനും വേണ്ടി ഉത്കടമായ ആവേശം വച്ചുപുലർത്തുന്നവരെയാണ് അല്ലാഹു സ്നേഹിക്കുന്നത്. അങ്ങയെുള്ളവർ ഒരു സൂക്ഷ്മമാർഗത്തിലൂടെ സഞ്ചരിക്കുന്നവരാണ് എല്ലാവർക്കും അവരോടൊപ്പം നടക്കാൻ കഴിയില്ല. ദൈവത്തിന് വേണ്ടി ഉത്കടാവേശം ഉണ്ടാകുന്നത് വരെ മനുഷ്യന് ഒരനുഭൂതിയും സ്വായത്തമാക്കാനാവില്ല. മനുഷ്യഹൃദയത്തിൽ അല്ലാഹുവിനോട് വ്യക്തിഗതമായ ആവേശം ഉടലെടുക്കുകയും ദേഹേച്ഛകളുടെ കലർപ്പിൽ നിന്നും ഭൗതിക ലാഭേച്ഛകളിൽ നിന്നും അവൻ വിമുക്തനാവുകയും ചെയ്യുവേളം അവന്റെ യാതൊരു ആരാധനയും ദാനധർമ്മവും സ്വീകരിക്കപ്പെടുകയില്ല.

ഹുസൂർ(അയ്യദഹുല്ലാഹ്..) അരുളുന്നു: പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നതിന് തൗഹീദിലുള്ള പൂർണ്ണബോധ്യവും വിശ്വാസവും അത്യാവശ്യമാണ്. അല്ലാഹുവിന്റെ സ്നേഹം നേടുക എന്നതിനായിരിക്കണം പ്രാർത്ഥനയിൽ പ്രഥമ പരിഗണന. 'ഞങ്ങൾ ഒരുപാട് പ്രാർത്ഥിച്ചു, പലതും ചെയ്തു, നഫ്ലുകൾ നിർവ്വഹിച്ചു, സ്വദഖകൾ നൽകി, എന്നിട്ടും ഞങ്ങളുടെ ദുആ സ്വീകരിക്കപ്പെട്ടില്ല' എന്ന് പറയുന്നവർ ഹദ്റത്ത് മസീഹ് മൗഊദ് (അ) നിർദ്ദേശിച്ച ഈ പ്രതിവിധിയെക്കുറിച്ച് ഒന്ന് ചിന്തിച്ചു നോക്കട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു അരുളി: ഈ കാലഘട്ടത്തിൽ നീ എന്റെ തൗഹീദിന്റെ കൊടിവാഹകനാണ്, ലോകത്തിന് നഷ്ടപ്പെട്ടുപോയ തൗഹീദ് എന്ന നിധി നീ വീണ്ടും സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ, ഓ മുഹമ്മദീ മസീഹ്, എന്റെ ഏകത്വവും അദ്വിതീയത്വവും എനിക്ക് എത്രത്തോളം പ്രിയപ്പെട്ടതാണോ അത്രത്തോളം നീയും എനിക്ക് പ്രിയപ്പെട്ടവനാണ്. ക്രിസ്ത്യാനികൾ വ്യാജം ചമച്ചുകൊണ്ട് തങ്ങളുടെ മസീഹിനെ ദൈവത്തിന്റെ യഥാർത്ഥ പുത്രനാക്കി മാറ്റിയിരിക്കുന്നു. അതിനാൽ, സന്താനങ്ങളോടെന്നവണ്ണം ഞാൻ നിന്നെ സ്നേഹിക്കണമെന്ന് എന്റെ അഭിമാനബോധം ആഗ്രഹിച്ചു. മുഹമ്മദ് മുസ്തഫ(സ)യുടെ ശിഷ്യന്മാർക്ക് പോലും *അത്ഫാലുല്ലാഹ്* (ദൈവമക്കൾ) എന്ന ആത്മീയ പദവിയിലേക്ക് ഉയരാൻ കഴിയുമെന്ന സത്യം ലോകത്തിന് കാണിച്ചുകൊടുക്കാൻ വേണ്ടിയാണിത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: ഭൂമിയുടെ വിവിധ വാസകേന്ദ്രങ്ങളിൽ നിവസിക്കുന്ന സത്പ്രകൃക്കാരായസകലരെയും- അവർയൂറോപ്പിലാകട്ടെഏഷ്യയിലാകട്ടെ-തൗഹീദിലേക്ക് അടുപ്പിക്കാനും തന്റെ ദാസന്മാരെ ഒരേയൊരു ദീനിന് കീഴിൽ ഒരുമിച്ചു കൂട്ടാനും അല്ലാഹു ആഗ്രഹിക്കുന്നു. ഇതാണ് അല്ലാ

ഹുവിന്റെ ലക്ഷ്യം, ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തേക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ, നിങ്ങൾ ഈ ലക്ഷ്യത്തെ പിന്തുടരുക; എന്നാൽ അത് സൗമ്യതയിലൂടെയും സൽസ്വഭാവത്തിലൂടെയും പ്രാർത്ഥനകൾക്ക് ഊന്നൽ നൽകിക്കൊണ്ടും ആയിരിക്കണം.

അവിടുന്ന് വീണ്ടും അരുളുന്നു:

അല്ലാഹുവിന്റെ ഏകത്വവും റസൂൽ കരീം(സ) യുടെ അന്തസ്സും ലോകത്ത് സ്ഥാപിക്കപ്പെടുക എന്നതിലാണ് എന്റെ സകല സന്തോഷവും കുടികൊള്ളുന്നത്. ഇതുതന്നെയാണ് എന്റെ നിയോഗത്തിന്റെ യഥാർത്ഥ ലക്ഷ്യവും.

ഖാദിയാനിൽ ഹദ്റത്ത്മസീഹ് മൗഊദ് (അ)ന് *പീരാൻ ദത്ത* എന്ന് പേരായ ഒരു സേവകൻ ഉണ്ടായിരുന്നു. എല്ലാവരും അദ്ദേഹത്തെ ആ പേരിൽ തന്നെയാണ് വിളിച്ചിരുന്നത്. എന്നാൽ ഹുസൂർ (അ) അദ്ദേഹത്തെ വിളിക്കുമ്പോൾ പീരീ ദത്ത എന്നേ വിളിക്കുമായിരുന്നുള്ളൂ. അതായത്, 'അല്ലാഹു നൽകിയ എന്റെ പീർ'എന്ന്.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ഇപ്രകാരം വെളിപാട് നൽകി:

خذوا التوحيد التوحيد يا ابناء الفارس

(*ഓ പേർഷ്യൻ പുത്രന്മാരേ, നിങ്ങൾ തൗഹീദിനെ മുറുകെ പിടിക്കുക, തൗഹീദിനെ മുറുകെ പിടിക്കുക*).

ഈ വെളിപാട് സ്വന്തം നിലനിൽപ്പിനും പുരോഗതിക്കും വേണ്ടി അവിടുത്തെ സന്തതിപരമ്പരയും അവിടുത്തെ ഓരോ അനുയായിയും മുറുകെ പിടിക്കേണ്ടതുണ്ട്. അവിടുത്തെ ബൈഅത്തിൽ ഉൾപ്പെട്ടതിലൂടെ എല്ലാവരും അവിടുത്തെ സന്തതിപരമ്പരയുടെ ഭാഗമായി മാറിയിരിക്കുകയാണ്.നിങ്ങൾതൗഹീദിനെമുറുകെപിടിക്കുകയാണെങ്കിൽ ദീനിലും ദുനിയാവിലും നിങ്ങൾക്ക് വിജയം ലഭിക്കും; അല്ലാത്തപക്ഷം രക്തബന്ധമോ ബൈഅത്ത് ചെയ്തതോ കൊണ്ട് മാത്രം യാതൊരു പ്രയോജനവുമുണ്ടാവില്ല.

ദൈവത്തിന് നൽകേണ്ട ബഹുമാനം മനുഷ്യർക്ക് നൽകുന്നതിനോട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് കടുത്ത വെറുപ്പായിരുന്നു. അതിനാൽ പലപ്പോഴും ഹസ്തദാനം ചെയ്യുന്ന വേളയിൽ തന്റെ പാദങ്ങളിൽ സ്പർശിക്കാൻ ശ്രമിച്ച അനുയായികളെ അവിടുന്ന് കർശനമായി വിലക്കിയിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു:

ആരെങ്കിലും എന്റെ ചിത്രം എടുത്ത് വിഗ്രഹാരാധകരെപ്പോലെ കൈവശം വെക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നതിന് ഞാൻ കടുത്ത എതിരാണ്. ആരും അങ്ങനെ ചെയ്യണമെന്ന് ഞാൻ ഒരിക്കലും കല്പിച്ചിട്ടില്ല. വിഗ്രഹാരാധനയോടും ചിത്ര ആരാധനയയോടും എന്നോളം ശത്രുത പുലർത്തുന്ന മറ്റൊരാൾ ഉണ്ടാവില്ല. എങ്കിലും, ഇന്ന് യൂറോപ്പിലുള്ളവർ ഒരാളുടെ രചനകൾ വായിക്കാൻ ആഗ്രഹിക്കുമ്പോൾ ആദ്യം ആ വ്യക്തിയുടെ ചിത്രം കാണാൻ താല്പര്യപ്പെടുന്നതായി ഞാൻ കണ്ടു. യൂറോപ്യൻ രാജ്യങ്ങളിൽ മുഖലക്ഷണ ശാസ്ത്രത്തിന് വലിയ പുരോഗതിയുണ്ട്. ചിത്രം നോക്കി മാത്രംഒരാൾ സത്യവാനാണോ അതോ വ്യാജനാണോ എന്ന് തിരിച്ചറിയാൻ അവരിൽ ഭൂരിഭാഗം പേർക്കും സാധിക്കുന്നു. ആയിരക്കണക്കിന് നാഴികകൾ അകലെയായതിനാൽ അവർക്ക് നേരിട്ട് വന്ന് എന്റെ മുഖം കാണാൻ സാധിക്കില്ല. അതിനാൽ, ആ നാട്ടിലെവിജ്ഞാനികൾചിത്രത്തിലൂടെഎന്റെ ആന്തരികാവസ്ഥകളെക്കുറിച്ച് ചിന്തിക്കുന്നു. യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നും എനിക്ക് കത്തുകൾ അയച്ച പലരും അതിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: 'ഞങ്ങൾ അങ്ങയുടെ ചിത്രം അതീവ ശ്രദ്ധയോടെ നിരീക്ഷിച്ചു; ഈ ചിത്രത്തിന് ഉടമയായ വ്യക്തി ഒരിക്കലും ഒരു വ്യാജനാവാൻ സാധിക്കില്ല എന്ന് മുഖലക്ഷണ വിദ്യയിലൂടെ ഞങ്ങൾക്ക് സമ്മതിക്കേണ്ടി വന്നിരിക്കുന്നു.' അമേരിക്കയിലുള്ള ഒരു സ്ത്രീ എന്റെ ചിത്രം കണ്ടിട്ട് ഇത് യേശുവിന്റെ അഥവാ ഈസാ നബിയുടെ ചിത്രമാണെന്ന് പറഞ്ഞു. ആകയാൽ, ഈ ലക്ഷ്യത്തിനായി, ഈയൊരു പരിധി വരെ പ്രസ്തുത മാർഗ്ഗം തുടരാൻ അനുവദിക്കുന്നത് സൗകര്യപ്രദമാണെന്ന് കണ്ടതുകൊണ്ടാണ് ഞാൻ മൗനം അവലംബിച്ചത്. ഫോട്ടോകളിലൂടെയും ചിത്രങ്ങളിലൂടെയും വിജ്ഞാന രംഗത്ത് വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന്, ജീവജാലങ്ങളെയും രോഗങ്ങളെയും തിരിച്ചറിയാൻ ഇത് സഹായിക്കുന്നു. അതിനാൽ അവയെ പാടെ ഹറാമാണെന്ന് പറയുന്നത് ശരിയല്ല. ശിർക്കിലേക്കോ നിരർത്ഥകമായ കാര്യങ്ങളിലേക്കോ നയിക്കുന്ന പ്രവൃത്തികളെ മാത്രമാണ് ഇസ്‌ലാം

വിലക്കുന്നത്; അല്ലാതെ വിജ്ഞാനത്തിനും ഉപകാരത്തിനുംകാരണമാകുന്നവയെ അല്ല. എങ്കിലും, ചിത്രങ്ങൾ ഉത്തമമായ ലക്ഷ്യത്തിന് വേണ്ടിയായിരിക്കണം എന്ന നിബന്ധനയുണ്ട്. അവ ഒരു വരുമാന മാർഗ്ഗമായോ അനാവശ്യമായ പരസ്യപ്രചാരണത്തിനോ വേണ്ടി ഉപയോഗിക്കരുത്. കാരണം, അത്തരത്തിൽ പതുക്കെപ്പതുക്കെ ബിദ്അത്തുകളും ശിർക്കും ഉടലെടുത്തേക്കാം. അതിനാൽ ജാഗ്രതയും മിതത്വവും അനിവാര്യമാണ്. ഇന്നമൽ അഅ്മാലു ബിന്നിയ്യാത്ത്.

ഹുസൂർ അൻവർ (അ) അരുളുന്നു:

ഇത്തരത്തിലുള്ള ബിദ്അത്തുകൾ നമ്മുടെ ആളുകൾക്കിടയിലും ആരംഭിക്കുന്നുണ്ട്. ചിലർ മരണപ്പെട്ടവരുടെ ചിത്രങ്ങൾ തങ്ങളോടൊപ്പം വെക്കുന്നു. മരണപ്പെട്ട മുതിർന്നവരുടെ വലിയ ഫോട്ടോകൾ വിവാഹ വേളകളിൽ ഫ്രെയിം ചെയ്ത് വെച്ചിട്ട്, അവർ നമ്മോടൊപ്പം ചടങ്ങിൽ പങ്കുചേരുന്നു എന്ന് ചിലർ കരുതുന്നു. ഇതെല്ലാം ശിർക്കും ബിദ്അത്തുകളുമാണ്. ഇതിൽ നിന്ന് വിട്ടുനിൽക്കണം. ഒരു നല്ല ലക്ഷ്യത്തിന് വേണ്ടിയോ ഓർമ്മയ്ക്കായി സ്വന്തം ആൽബങ്ങളിൽ സൂക്ഷിക്കാനോ വേണ്ടി ചിത്രം എടുക്കുന്നത് അനുവദനീയമാണ്. എന്നാൽ അതൊരു സ്വഭാവമാക്കി മാറ്റുകയും എല്ലാ ദിവസവും രാവിലെ എഴുന്നേറ്റ് അതിനെ നോക്കി സലാം പറയുകയും ചെയ്യുന്നത് ബിദ്അത്താണ്.

ഹദ്റത്ത് മൗലാന ഗുലാം റസൂൽ സാഹിബ് രാജകി (റ) വിവരിക്കുന്നു: ഏകദേശം 1901-ലെ കാര്യമാണ്. ഒരിക്കൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)-ന്റെ സന്നിധിയിലായിരുന്നപ്പോൾ അവിടുന്ന് അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ച് പ്രഭാഷണം നടത്തി. അവിടുന്ന് ഇപ്രകാരം അരുളി: 'ചില ആളുകൾ ഒരാൾ ഉപകാരംചെയ്താൽ ഉടൻ തന്നെ *അൽഹംദുലില്ലാഹ്* എന്ന് പറയുന്നതിന് മുൻപ് *ജസാക്കല്ലാഹ്* എന്ന് പറയുന്നു. എന്നാൽ ആത്മീയ ജ്ഞാനദൃഷ്ടിയിലൂടെ നോക്കിയാൽ ഈ പ്രവൃത്തിയിൽ പോലും ശിർക്കിന്റെ ലാഞ്ഛനയുള്ളതായി കാണാം. എന്തെന്നാൽ, ഉപകാരം ചെയ്യുന്നത് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ അസ്തിത്വമാണ്. അതിനാൽ, ആദ്യം അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്ത ശേഷം ഉപകാരം ചെയ്ത വ്യക്തിയോട് *ജസാക്കല്ലാഹ്* പറയുകയാണ് വേണ്ടത്.

ഹദ്റത്ത് ഭായി അബ്ദുൽ റഹ്മാൻ സാഹിബ് ഖാദിയാനി (റ) ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അവസാനലാഹോർ യാത്രയെക്കുറിച്ച് വിശദീകരിച്ച് എഴുതിയ ലേഖനത്തിൽ ഇപ്രകാരം വിവരിക്കുന്നു: വഫാത്തിന് ഏതാനും ദിവസം മുൻപ് വാഗ്ദത്ത മസീഹി(അ)നെ സന്ദർശിക്കാനായി ഒരു സംഘം സ്ത്രീകൾ എത്തി. ഹുസൂർ അതീവ തിരക്കിലായിരുന്നതിനാൽ അവരെ വേഗം പറഞ്ഞു വിടാൻ ആഗ്രഹിച്ചിരുന്നെങ്കിലും എന്തെങ്കിലും ഉപദേശം നൽകണമെന്ന് അവർ അപേക്ഷിച്ചപ്പോൾ തിരക്കുകൾക്കിടയിലും അവിടുന്ന് അവരുടെ അപേക്ഷ സ്വീകരിച്ചു. അവർക്ക് തൗഹീദിന്റെ പാഠങ്ങൾ നൽകുകയും വിഗ്രഹാരാധനയിൽ നിന്ന് അവരെ വിലക്കുകയും ചെയ്തു. മറ്റൊരു പ്രസംഗത്തിൽ ഹുസൂർ ഇപ്രകാരം അരുളി: ഈസാ മസീഹിനെ മരിക്കാൻ അനുവദിക്കുക, അതിലാണ് ഇസ്ലാമിന്റെ ജീവിതമിരിക്കുന്നത്; മുഹമ്മദീ മസീഹ് വരട്ടെ,അതിലാണ് ഇസ്ലാമിന്റെ മഹത്വമിരിക്കുന്നത്.

അതുകൊണ്ട്, തൗഹീദിന്റെ സന്ദേശം എത്തിക്കാനും അത് സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കാനും നാം കഠിനമായി പരിശ്രമിക്കുക. ഇതാണ് ഇന്ന് മുഹമ്മദീ മസീഹിന്റെ ദാസരുടെ ദൗത്യം. ഈ കർമ്മം പൂർത്തിയാക്കാൻ അല്ലാഹു നമുക്കേവർക്കും തൗഫീഖ് നൽകട്ടെ. ആമീൻ.

ഖുതുബയുടെ അവസാനത്തിൽ, ലോകത്തെ നിലവിലെ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ മുസ്ലിം ഉമ്മത്തിനു വേണ്ടി പ്രാർത്ഥിക്കാൻ ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) പ്രത്യേകം നിർദ്ദേശിച്ചു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ
وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 10.04.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY  BM ARIF
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516